REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-09-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം നടൻ മിഥുൻ ചക്രവർത്തിയ്ക്ക്.**
- **ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം കണ്ണൂരിൽ നാളെ പ്രവർത്തനമാരംഭിക്കും.**
- **കേരളത്തിൽ ഇടതു ഗവൺമെന്റും CPIM ഉം നടപ്പാക്കുന്നത് കാട്ടു നീതിയാണെന്ന് പ്രതിപക്ഷനേതാവ് V D സതീശൻ.**
- **MM ലോറൻസിന്റെ മൃതദേഹം കളമശേരി മെഡിക്കൽ കോളജിൽ തന്നെ സൂക്ഷിക്കാൻ ഹൈക്കോടതി നിർദേശം.**
- **കാൺപൂർ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഒന്നാം ഇന്നിംഗ്സിൽ ബംഗ്ലാദേശ് ആറ് വിക്കറ്റിന് 205 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

**2022 ലെ ദാദാസാഹേബ് ഫാൽക്കെ അവാർഡ് നടൻ മിഥുൻ ചക്രവർത്തിയ്ക്ക് സമ്മാനിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് എക്സ് പോസ്റ്റിൽ അറിയിച്ചു. അടുത്തമാസം എട്ടിന് 70-ാമത് ദേശീയ ചലച്ചിത്ര അവാർഡ്ദാന ചടങ്ങിൽ സ്വർണ കമലവും ഒരു ലക്ഷം രൂപയും അടങ്ങിയ പുരസ്കാരം സമ്മാനിയ്ക്കും.**

**ഇന്ത്യൻ സിനിമയ്ക്കു നൽകിയ ശ്രദ്ധേയമായ സംഭാവന പരിഗണിച്ചാണ് മിഥുൻ ചക്രവർത്തിയ്ക്ക് ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നൽകുന്നതെന്ന് അശ്വനി വൈഷ്ണവ് പറഞ്ഞു.**

✪✪✪

ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മിഥുൻ ചക്രവർത്തിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യൻ സിനിമയ്ക്ക് സമാനതകളില്ലാത്ത സംഭാവനകളാണ് അദ്ദേഹം നൽകിയതെന്നും അതിൽ അതിയായ സന്തോഷമുണ്ടെന്നും നരേന്ദ്രമോദി സമൂഹമാധ്യമ പോസ്റ്റിൽ മോദി പറഞ്ഞു.

✪✪✪

നാല് ദിവസത്തെ സന്ദർശനത്തിനായി ജമൈക്കൻ പ്രധാനമന്ത്രി ഡോ. ആൻഡ്രൂ ഹോൾനെസ് രാവിലെ ന്യൂഡൽഹിയിൽ എത്തി. കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു.

ഉഭയകക്ഷി സഹകരണത്തിന് ഉത്തേജനം നൽകുന്ന നിരവധി ധാരണാപത്രങ്ങളിൽ സന്ദർശനവേളയിൽ ഒപ്പുവെക്കും. ജമൈക്കൻ പ്രധാനമന്ത്രിയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

✪✪✪

വിദേശകാര്യ മന്ത്രി ഡോ.S ജയശങ്കർ നാളെ വാഷിംഗ്ടൺ DC യിൽ US വിദേശകാര്യസെക്രട്ടറി ആന്റണി ബ്ലിങ്കനുമായി കൂടിക്കാഴ്ച നടത്തും. റഷ്യ- ഉക്രൈൻ സംഘർഷവും, പശ്ചിമേഷ്യൻ പ്രതിസന്ധിയും ഉൾപ്പെടെ വിവിധ ഉഭയകക്ഷി, ആഗോള വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയാകും.

✪✪✪

ഹരിയാനയിൽ ശനിയാഴ്ചത്തെ വോട്ടെടുപ്പിന് പ്രചാരണം അവസാനഘട്ടത്തിലേക്ക്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ BJP നേതാക്കളും പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയടക്കം കോൺഗ്രസ് നേതാക്കളും ഹരിയാനയിൽ പ്രചാരണം കൂടുതൽ ഊർജ്ജിതമാക്കി. അരവിന്ദ് കെജരിവാളിന്റെ നേതൃത്വത്തിൽ ആം ആദ്മി പാർട്ടിയും പ്രചാരണരംഗത്ത് സജീവമാണ്. കർഷക പ്രശ്നങ്ങൾ ഉയർത്തിയാണ് എല്ലാവരും വോട്ട് തേടുന്നത്.

ജമ്മുകശ്മീരിൽ നാളെ മൂന്നാമത്തെയും അവസാനത്തെയും ഘട്ട തിരഞ്ഞെടുപ്പ് നടത്തും. ജമ്മുകശ്മീരിലെയും ഹരിയാനയിലെയും വോട്ടെണ്ണൽ അടുത്ത മാസം എട്ടിനാണ്.

✪✪✪

**തിരുപ്പതി ക്ഷേത്രത്തിലെ ലഡു വിവാദവുമായി ബന്ധപ്പെട്ട ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. YSR കോൺഗ്രസ് ഭരണകാലത്ത് ക്ഷേത്രത്തിൽ വിതരണം ചെയ്ത ലഡുവിൽ മൃഗക്കൊഴുപ്പ് ഉപയോഗിച്ചുവെന്ന് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി N ചന്ദ്രബാബു നായിഡു ആരോപണം ഉന്നയിച്ചിരുന്നു. ഇക്കാര്യത്തിൽ അന്വേഷണം ആവശ്യപ്പെട്ട് BJP നേതാവ് സുബ്രഹ്മണ്യൻ സ്വാമിയും, YSR കോൺഗ്രസ് പാർട്ടി രാജ്യസഭാംഗം Y.V സുബ്ബറെഡ്ഡിയുമാണ് സുപ്രീംകോടതിയിൽ ഹർജി നൽകിയത്.**

**✪✪✪**

**ഇന്ന് അന്താരാഷ്ട്ര വിവർത്തന ദിനം. ഭാഷാപരമായ വിടവുകൾ നികത്തുന്നതിനും വിവർത്തകരുടെയും ഭാഷാ വിദഗ്ധരുടെയും സംഭാവനകളെ ആദരിക്കുന്നതിനുമായാണ് ദിനാചരണം.**

**✪✪✪**

**വ്യോമസേനാ മേധാവിയായി എയർമാർഷൽ അമർപ്രീത് സിങ് ഇന്ന് ചുമതലയേൽക്കും. എയർ ചീഫ് മാർഷൽ V.R ചൗധരി വിരമിക്കുന്ന ഒഴിവിലാണ് നിലവിൽ വ്യോമസേനാ ഉപമേധാവിയായ അമർപ്രീത് സിങ് എത്തുന്നത്.**

**✪✪✪**

**കൊൽക്കത്ത RG കർ മെഡിക്കൽ കോളജിൽ ജൂനിയർ ഡോക്ടറുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിൽ സുപ്രീം കോടതി ഇന്ന് വീണ്ടും വാദം കേൾക്കും. ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് വാദം കേൾക്കുന്നത്.**

**✪✪✪**

**ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം കണ്ണൂരിൽ നാളെ പ്രവർത്തനമാരംഭിക്കും. സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലെ കല്യാശ്ശേരി കെൽട്രോൺ കോംപണന്റ് കോംപ്ലക്സിലാണ് പുതിയ പ്ലാന്റ് ആരംഭിക്കുന്നത്.**

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.**

.......(വോയ്സ്).........

✪✪✪

കേരളത്തിൽ ഇടതു ഗവൺമെന്റും CPIM ഉം നടപ്പാക്കുന്നത് കാട്ടുനീതിയാണെന്ന് പ്രതിപക്ഷനേതാവ് V D സതീശൻ ആരോപിച്ചു. ഭരണമുന്നണിയിൽ നിൽക്കുമ്പോൾ നിയമവിരുദ്ധ നടപടികൾക്ക് സംരക്ഷണം നൽകുന്ന ഗവൺമെന്റ് അവർ മുന്നണിയോട് അകന്നാലുടൻ നടപടിയുമായി മുന്നോട്ടുവരികയാണെന്ന് അദ്ദേഹം പറഞ്ഞു.

മുൻപ് പ്രതിപക്ഷം പറഞ്ഞ കാര്യങ്ങളാണ് മുഖ്യമന്ത്രിയോട് ഏറ്റവും അടുത്ത് പ്രവർത്തിച്ചിരുന്ന PV അൻവർ ഇപ്പോൾ പറയുന്നതെന്നും സതീശൻ അഭിപ്രായപ്പെട്ടു. അൻവറിന്റെ കാര്യം ഇതുവരെ UDF ൽ ചർച്ച നടത്തിയിട്ടില്ലെന്നും ആവശ്യമായാൽ ഉചിതമായ സമയത്ത് അക്കാര്യം ആലോചിക്കുമെന്നും സതീശൻ അറിയിച്ചു.

✪✪✪

ന്യൂനപക്ഷങ്ങൾക്കിടയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രതിച്ഛായ തകർക്കാനാണ് P.V അൻവർ ശ്രമിക്കുന്നതെന്ന് മുതിർന്ന CPIM നേതാവ് A.K ബാലൻ പറഞ്ഞു. മതത്തെയും വിശ്വാസത്തെയും ദുരുപയോഗം ചെയ്യുകയാണെന്നും അൻവറിന്റെ പരാതിയിൽ മികച്ച ഉദ്യോഗസ്ഥരാണ് അന്വേഷണം നടത്തുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വിമാനത്താവളം കേന്ദ്രീകരിച്ച് നടത്തുന്ന സ്വർണക്കടത്തിൽ ADGP MR അജിത്കുമാറിനും മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി P ശശിയ്ക്കും പങ്കുണ്ടെന്ന് PV അൻവർ MLA ആരോപിച്ചു. ഒരു SP മാത്രം വിചാരിച്ചാൽ സ്വർണം കടത്താൻ കഴിയില്ലെന്നും ഇതിനു പിന്നിൽ വലിയ ആസൂത്രണമുണ്ടെന്നും എന്നാൽ ഇക്കാര്യം തിരിച്ചറിയുന്നതിന് മുഖ്യമന്ത്രിയ്ക്ക് കഴിയുന്നില്ലെന്നും PV അൻവർ നിലമ്പൂരിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

✪✪✪

PV അൻവറിന്റെ പൊതുയോഗത്തിൽ ആൾക്കൂട്ടം വർദ്ധിക്കുന്നത് കാര്യമാക്കുന്നില്ലെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ പറഞ്ഞു.

**ഇതൊന്നും CPIM നെ ബാധിക്കുന്ന പ്രശ്നമല്ലെന്നും പാർട്ടിയ്ക്ക് യാതൊരു വേവലാതിയും ഇക്കാര്യത്തിൽ ഇല്ലെന്നും അൻവറിന് CPIM മായി യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു.**

**✪✪✪**

**മലപ്പുറം ജില്ലയിലെ കക്കാടംപൊയിലിൽ PV അൻവർ MLA യുടെ നാച്ചുറൽ പാർക്കിലെ തടയണകൾ പൊളിച്ചു മാറ്റാൻ കൂടരഞ്ഞി പഞ്ചായത്ത് തീരുമാനിച്ചു. അൻവർ സംസ്ഥാന ഗവൺമെന്റിനെതിരെ രൂക്ഷമായി പ്രതികരിച്ച പശ്ചാത്തലത്തിൽ തീരുമാനത്തിന് പ്രധാന്യമുണ്ട്.**

**അതിനിടെ PV അൻവർ വൈകിട്ട് കോഴിക്കോട്ട് പൊതുയോഗത്തിൽ പങ്കെടുക്കും.**

**✪✪✪**

**തിരുവനന്തപുരം SAT ആശുപത്രിയിൽ വൈദ്യുതി മുടങ്ങിയതിൽ KSEB യ്ക്ക് വീഴ്ചയില്ലെന്ന് മന്ത്രി K.കൃഷ്ണൻകുട്ടി പറഞ്ഞു. വൈദ്യുതി മുടങ്ങിയതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്വേഷണ റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും മന്ത്രി മാധ്യമങ്ങളോടു പറഞ്ഞു.**

**✪✪✪**

**വൈദ്യുതി തടസത്തിൽ പ്രതിഷേധിച്ച് UDF കോർപറേഷൻ കൗൺസിലർമാർ പ്രതിഷേധ ധർണ നടത്തി. ഉത്തരവാദിത്വം ഏറ്റെടുത്ത് ആരോഗ്യമന്ത്രി രാജിവെയ്ക്കണമെന്ന് കൗൺസിലർമാർ ആവശ്യപ്പെട്ടു.**

**✪✪✪**

**CPIM നേതാവ് MM ലോറൻസിന്റെ മൃതദേഹം കളമശേരി മെഡിക്കൽ കോളജിൽ തന്നെ സൂക്ഷിക്കാൻ ഹൈക്കോടതി നിർദേശിച്ചു. മൃതദേഹം മെഡിക്കൽ കോളേജിന് വിട്ടുനൽകുന്നതിനെതിരെ മകൾ നൽകിയ ഹർജി പരിഗണിക്കവെയാണ് ഹൈക്കോടതി ഇക്കാര്യം നിർദേശിച്ചത് . മൃതദേഹം ഏറ്റെടുക്കുന്നതിന് മെഡിക്കൽ കോളജ് എടുത്ത തീരുമാനം ഏകപക്ഷീയവും നിയമ വിരുദ്ധവുമാണെന്നാണ് മകൾ നൽകിയ ഹർജിയിലെ വാദം. മൃതദേഹം മതാചാരപ്രകാരം സംസ്ക്കരിക്കണമെന്നാണ് മകളുടെ ആവശ്യം.**

**✪✪✪**

ഇന്ത്യക്കെതിരായ കാൺപൂർ ക്രിക്കറ്റ് ടെസ്റ്റിന്റെ നാലാം ദിവസം ബംഗ്ലാദേശ് ഒന്നാം ഇന്നിംഗ്സ് തുടരുന്നു. ലഞ്ചിനു പിരിയുമ്പോൾ ആറ് വിക്കറ്റ് നഷ്ടത്തിൽ അവർ 205 റൺസെടുത്തിട്ടുണ്ട്.

✪✪✪

K.C മാമ്മൻ മാപ്പിള ട്രോഫി 66-ാമത് ഉത്രാടം തിരുനാൾ പമ്പാ ജലമേള ഉച്ചയ്ക്ക് തിരുവല്ല നീരേറ്റുപുറം പമ്പാ വാട്ടർ സ്റ്റേഡിയത്തിൽ നടത്തും. ഗോവ ഗവർണർ P.S ശ്രീധരൻപിള്ള ജലമേള ഉദ്ഘാടനം ചെയ്യും. ഒൻപതു ചുണ്ടൻ വള്ളങ്ങൾ ഉൾപ്പെടെ നാൽപതോളം കളിവള്ളങ്ങൾ പങ്കെടുക്കും.

✪✪✪

പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾക്കു മികച്ച പരിശീലനം ലഭ്യമാക്കാൻ കൈറ്റ് ആവിഷ്കരിച്ച 'കീ ടു എൻട്രൻസ്' പദ്ധതിക്ക് തുടക്കമായി. ഇന്ന് രാത്രി 7.30 മുതൽ കൈറ്റ് വിക്ടേഴ്സിൽ ക്ലാസുകൾ സംപ്രേഷണം ചെയ്തു തുടങ്ങും. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വെബ് പോർട്ടൽ മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി നടത്തുന്ന കോഴിക്കോട് ജില്ലയിലെ പട്ടയ വിതരണത്തിന്റെ ഉദ്ഘാടനം നാളെ മന്ത്രി കെ രാജൻ നിർവഹിക്കും. കോഴിക്കോട്, താമരശ്ശേരി താലൂക്കുകളിലെ പട്ടയങ്ങളാണ് വിതരണം ചെയ്യുക.

✪✪✪

സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ കോഴിക്കോട് ജില്ലയിലെ തെരെഞ്ഞെടുക്കപ്പെട്ട ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് ഇന്ന് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യും. ഉച്ചയ്ക്ക് ജില്ലാ പ്ലാനിംഗ് ഓഫീസ് ഹാളിൽ മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും.

✪✪✪

ലൈംഗികാരോപണം നേരിടുന്ന നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് സുപ്രീം കോടതി പരിഗണിച്ചേക്കും. മുൻകൂർ ജാമ്യാപേക്ഷ തള്ളിയ ഹൈക്കോടതി വിധിക്ക് എതിരെയാണ് സിദ്ദീഖ് സുപ്രീ കോടതിയെ സമീപിച്ചത്.

✪✪✪

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ പൊലീസ് ആദ്യകേസ് രജിസ്റ്റർ ചെയ്തു. കൊല്ലം സ്വദേശിനിയായ മേക്ക്അപ്പ് ആർട്ടിസ്റ്റ് നൽകിയ പരാതിയിലാണ് മേക്കപ്പ് മാനേജർക്കെതിരെ കേസെടുത്തത്.

✪✪✪

പോക്സോ കേസിൽ മോൻസൻ മാവുങ്കലിനെ കോടതി വെറുതെ വിട്ടു. കേസിലെ രണ്ടാം പ്രതിയായിരുന്ന മോൻസനെ പെരുമ്പാവൂർ പോക്സോ കോടതിയാണ് വിട്ടയച്ചത്. ഒന്നാം പ്രതി ജോഷി കുറ്റക്കാരനാണെന്നും കോടതി കണ്ടെത്തി.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടിമിന്നലോടു കൂടിയ മഴയ്ക്കും, കാറ്റിനും സാധ്യതയുണ്ടെന്നും ജാഗ്രത വേണമെന്നും മുന്നറിയിപ്പുണ്ട്. ശ്രീലങ്കയ്ക്കു സമീപത്തെ ചക്രവാതച്ചുഴിയെ തുടർന്നാണ് മഴ കനക്കുന്നത്.

കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

ഇന്ന് കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 മണിക്കൂർ വരെ വേഗത്തിലും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിലും കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കേരളതീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രവും അറിയിച്ചു.

✪✪✪